Circular No: SBV 08/2014-16

# സമസ്ത കേരള സുന്നി ബാലവേദി

(Under: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ)
സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636.
ഫോൺ: 9287274809, 0494 2400530

***സുന്നി ബാലവേദി സംസ്ഥാനകമ്മിറ്റിയിൽ നിന്നും ശാഖാ, റെയ്ഞ്ച്, ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ, സുന്നി ബാലവേദി ഉപദേശകസമിതി ഭാരവാഹികളെ അറിയിക്കുന്നത്,***

മദ്റസാ വിദ്യാർത്ഥികളിൽ നിന്നും മികച്ച കഴിവുകളുള്ള പ്രതിഭകളെ കണ്ടെത്തുകയും അവരെ സമൂഹത്തിന്നും പ്രസ്ഥാനത്തിന്നും ഗുണകരമായ രീതിയിൽ വളർത്തിക്കൊണ്ടുവരികയും ചെയ്യുക എന്ന സുപ്രധാന ലക്ഷ്യവുമായി സുന്നി ബാലവേദി സംസ്ഥാനഘടകത്തിന്റെ ആഭിമുഖ്യത്തിൽ വർഷങ്ങളായി നടത്തിവരുന്ന ജ്ഞാനതീരം മത്സരപരീക്ഷയുടെ മദ്റസാതല പരീക്ഷ 2015 ഒക്ടോബർ 25 മുതൽ 28 കൂടിയ തിയ്യതികളിൽ നടത്താൻ തീരുമാനിച്ച വിവരം സസന്തോഷം അറിയിക്കുന്നു.

പ്രസ്തുത പരീക്ഷ സമയബന്ധിതമായി നടത്തുവാനും വിജയിപ്പിക്കുവാനും ആവശ്യമായ സകല പ്രവർത്തനങ്ങളും റെയ്ഞ്ച് സെക്രട്ടറിമാരും ഭാരവാഹികളും എസ്.ബി.വി. കൺവീനർ, സെക്രട്ടറിമാർ, ഭാരവാഹികൾ, സ്വദ്ർ ഉസ്താദുമാർ സ്വീകരിക്കേണ്ടതാണ്.

## ജ്ഞാനതീരം മത്സരപരീക്ഷ നിർദ്ദേശങ്ങൾ

1. **ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ സെക്രട്ടറിമാർ ജ്ഞാനതീരം മത്സര പരീക്ഷ ജില്ലാ കോഡിനേറ്റർമാരും, റെയ്ഞ്ച് സെക്രട്ടറിമാർ റെയ്ഞ്ച് കോഡിനേറ്റർമാരുമായിരിക്കും.**

   പരീക്ഷാബോർഡ് ചെയർമാന്മാർ, എസ്.ബി.വി. കൺവീനർമാർ കോഡിനേറ്റർമാരുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതാണ്.
2. **ജ്ഞാനതീരം മത്സരപരീക്ഷ 5,6,7 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും.**
3. മദ്റസകളിൽ പരീക്ഷയുടെ മേൽനോട്ടം സ്വദ്ർമുഅല്ലിമിനോ അദ്ദേഹം ഉത്തരവാദിത്തപ്പെടുത്തുന്നവർക്കോ ആയിരിക്കും.
4. പരീക്ഷാ ചോദ്യാവലി ഉത്തരമെഴുതുവാൻ സൗകര്യമുള്ള 4 പേജുള്ള ഒരു ബുക്ക്ലെറ്റാണ്.

5. ചോദ്യാവലി മൂന്നായി തരം തിരിച്ചിരിക്കുന്നു. ആകെ മാർക്ക് (സ്കോർ) 50 ആകുന്നു.

ക്ലസ്റ്റർ എ = 21, ബി = 17, സി = 12.

6. **80% (40 സ്കോർ) മുതൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന അഞ്ച് ആൺകുട്ടികൾക്ക് റെയ്ഞ്ച്തല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. പെൺകുട്ടികളുടെ മത്സരം മദ്റസാതലത്തോടെ അവസാനിക്കുന്നു.**

7. കൂടുതൽപേർ ശരിയാക്കുന്ന പക്ഷം അഞ്ചുപേരെ കണ്ടെത്തുന്നതിന് വേണ്ടി 80% (40 സ്കോർ)ന് മുകളിൽ മാർക്ക് നേടിയവരെ മാത്രം ഇരുത്തി ഉസ്താദുമാർ അധികം ചോദ്യങ്ങൾ ചോദിക്കേണ്ടതാണ്.

(അതിനായി അഞ്ചാം ക്ലാസിലെ പാഠപുസ്തകങ്ങൾ മാത്രം അവലംബമാക്കിയുള്ള ആവശ്യമായ പൊതുചോദ്യങ്ങൾ ചോദിച്ച് സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തുക.)

8. ഉത്തരങ്ങൾ മൂല്യനിർണ്ണയം നടത്താനാവശ്യമായ ഉത്തരസൂചിക മൂല്യനിർണയ ദിവസം രാവിലെ 9 മണിക്ക് എസ്.കെ.എസ്.ബി.വി. സംസ്ഥാന കമ്മിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (www.sksbvstate.com)

9. നിശ്ചിത ദിവസത്തിനുമുമ്പ് കവർ പൊട്ടിക്കാനോ വിതരണം ചെയ്യുവാനോ പാടുള്ളതല്ല. അതുപോലെ ചോദ്യാവലി തിരിച്ചു സ്വീകരിക്കേണ്ട തിയ്യതിക്ക് ശേഷം ലഭിക്കുന്നവ സ്വീകരിക്കാൻ പാടുള്ളതല്ല.

10. ചോദ്യാവലി വിതരണം ചെയ്ത് മൂന്ന് ദിവസത്തെ സമയം വിദ്യാർത്ഥികൾക്ക് ഉത്തരം കണ്ടെത്താൻ അനുവദിക്കുകയും സമയബന്ധിതമായി ചോദ്യാവലി തിരിച്ചു സ്വീകരിക്കുകയും മൂല്യനിർണ്ണയം നടത്തി വിജയികളുടെ ലിസ്റ്റ് മദ്റസാ ലെറ്റർ ഹെഡ്ഡിൽ രേഖപ്പെടുത്തി സ്വദർ മുഅല്ലിം റെയ്ഞ്ച് സെക്രട്ടറിയെ ഏൽപിക്കേണ്ടതുമാണ്.

11. പെൺകുട്ടികളുടെ മത്സരം മദ്രസാ തലത്തോടെ അവസാനിക്കും. 80 ശതമാനത്തിലധികം പോയന്റ് നേടുന്ന അഞ്ച് പെൺകുട്ടികൾക്ക് യൂണിറ്റ് തലത്തിൽ സമ്മാനങ്ങൾ നൽകേണ്ടതാണ്.

12. 100 ശതമാനം (50 സ്കോർ) നേടുന്ന വിദ്യാർത്ഥികളുടെ ഉത്തരപേപ്പറും പേരുവിവരവും ഒരു കവറിലാക്കി താഴെ പറയുന്ന അഡ്രസിൽ അയക്കേണ്ടതാണ്.

**കൺട്രോളർ**
**ജ്ഞാനതീരം ടാലന്റ് സേർച്ച്-സീസൺ 5**
**SKSBV ഓഫീസ്, സമസ്താലം, ചേളാരി,**
**പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം - 673 636**

* **25-10-2015 ഞായറാഴ്ച രാവിലെ 7 മണിക്ക് ചോദ്യാവലി വിതരണം**
* **28-10-2015 ബുധനാഴ്ച വൈകുന്നേരം 6 മണി വരെ തിരികെ സ്വീകരിക്കൽ.**
* **2015 ഒക്ടോബർ 29,30,31 തിയ്യതികളിൽ മുല്യനിർണ്ണയം നടത്തൽ.** (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരസൂചിക ഉപയോഗിക്കുക.)
* **01-11-2015 ഞായറാഴ്ച റിസൽട്ട് പ്രസിദ്ധീകരിക്കുക.**
* **04-11-2015 ബുധനാഴ്ചക്ക് മുമ്പായി വിജയികളുടെ ലിസ്റ്റ് റെയ്ഞ്ച് സെക്രട്ടറിയെ ഏൽപിക്കുക.**

13. റെയ്ഞ്ച്തല പരീക്ഷ നവംബർ 22 നടക്കുന്നതും ചോദ്യപേപ്പർ നവംബർ 10-ന് ജില്ലാ കമ്മിറ്റിയെ ഏൽപിക്കുന്നതുമാണ്.

14. യൂണിറ്റ്, റെയ്ഞ്ച് തലങ്ങളിലെ വിജയികൾക്ക് അതത് കമ്മിറ്റികൾ പ്രത്യേക അനുമോദനച്ചടങ്ങ് സംഘടിപ്പിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകേണ്ടതുമാണ്.

15. 80% (40 സ്കോർ) ആർക്കും ലഭിച്ചിട്ടില്ലെങ്കിൽ ഉയർന്ന സ്കോർ ലഭിച്ച ആദ്യത്തെ 5 കുട്ടികൾക്ക് റെയ്ഞ്ചിൽ പങ്കെടുക്കാവുന്നാണ്.

തേഞ്ഞിപ്പലം — കൺട്രോളർ(ഒപ്പ്)
01-10-2015 — ടാലന്റ് സേർച്ച്
സീസൺ 5

---

**Note:** എന്തെങ്കിലും കാരണവശാൽ ചോദ്യപേപ്പർ ലഭിക്കുവാൻ താമസം നേരിട്ടാൽ സുന്നി ബാലവേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ വെബ്സൈറ്റുകളിൽ നിന്ന് (www.sksbvstate.com, www.skjmcc.com) നിശ്ചിത തിയ്യതിക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്.